(ബി) നിയമാനുസൃതമായ അകലം പാലിക്കാതെ ദേശീയപാതകളുടെയും പ്രധാന റോഡുകളുടെയും അരികിലും പുറമ്പോക്കുകൾ കയ്യേറിയും നടത്തുന്ന കെട്ടിട നിർമ്മാണങ്ങൾ തടയുവാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(സി) അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പിന്നീട് അംഗീകാരം നൽകിവരുന്ന നടപടി നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായിത്തീരും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നടപടി അവസാനിപ്പിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾ അപ്പപ്പോൾ കണ്ടുപിടിക്കുന്നതിനും അവയ്ക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനുമായി വ്യക്തവും വിശദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ 7.8.99-ലെ സർക്കുലർ നം.35071/ഇ3/99/തഭവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകിയിട്ടുണ്ട്. ടി സർക്കുലറിന്റെ ഒരു പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ബാധകമല്ല.

103 (2259) ആഡിറ്റ് കമ്മിഷൻ

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ആഡിറ്റ് കമ്മിഷൻ" എന്ന് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഇതിന്റെ ഘടന വിശദമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ ആഡിറ്റാണ് 'ആഡിറ്റ് കമ്മിഷന്റെ' പരിധിയിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഇപ്പോൾ ഏത് വകുപ്പാണ് നിർവഹിക്കുന്നത്;

(ഇ) ഏത് വർഷത്തിലാണ് പ്രസ്തുത വകുപ്പ് രൂപീകരിച്ചതെന്നും ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്നും വിശദമാക്കുമോ;

(എഫ്) ആ വകുപ്പിലെ ജീവനക്കാർക്ക് എന്തെല്ലാം ടെസ്റ്റുകൾ പാസ്സാകേണ്ടതുണ്ട് എന്നും അവർ എത്ര കാലത്തെ ട്രെയിനിംഗിന് വിധേയമാകേണ്ടതുണ്ട് എന്നും അറിയിക്കുമോ;

(ജി) ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് നിർവഹിക്കുന്ന മറ്റേതെങ്കിലും ആഡിറ്റ് ഏജൻസികളിലെ ജീവനക്കാർക്ക് ഈ യോഗ്യത നിർബന്ധിതമാക്കിയിട്ടുണ്ടോ;

---

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നിർവഹിക്കുന്ന വകുപ്പിനെ പബ്ലിക് സർവീസ് കമ്മീഷൻപോലെ സ്വയംഭരണാധികാരമുള്ള ഒരു ആഡിറ്റ് കമ്മിഷനായി മാറ്റി എടുക്കണമെന്ന് സെൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നുണ്ടോ;

(ഐ) എങ്കിൽ ആഡിറ്റ് കമ്മിഷന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഓഡിറ്റ് സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നിർവഹിക്കുന്ന വകുപ്പിനെതന്നെ ആഡിറ്റ് കമ്മിഷനായി മാറ്റാൻ തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ വർഷംതന്നെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

(ബി)മുതൽ(ഐ)വരെ 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ആഡിറ്റ് ചെയ്യാൻ വേണ്ടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് സ്വതന്ത്ര ആഡിറ്റ് കമ്മിഷൻ. ഈ ആവശ്യത്തിനുവേണ്ടി 1994-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റ് ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടി വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ചശേഷം ഈ വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതാണ്.

104 (2260) ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ വായ്പ

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന ബോർഡ് മുഖേന കേരളത്തിൽ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ആദായകരമായ പദ്ധതികൾ തുടങ്ങുന്നതിന്റെ ഭാഗമായി മാർക്കറ്റ് സ്റ്റാളുകളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ചു നൽകിയിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ഈ ഇനത്തിൽ എന്തുതുക വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വായ്പ കൃത്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചടച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നും എന്തു തുക പലിശയുൾപ്പെടെ തിരിച്ചടക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) സാമ്പത്തിക ബുദ്ധിമുട്ടുകളനുഭവിക്കുന്ന പല പഞ്ചായത്തുകളും വായ്പ തിരിച്ചടയ്ക്കാത്തതിനാൽ ജപ്തി നടപടികൾക്ക് വിധേയമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്ക് പരമാവധി ഇളവ് അനുവദിക്കുന്നതിനും ബാക്കി തുക അടയ്ക്കുന്നതിന് തവണകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് കേരളത്തിലെ 519 ഗ്രാമപഞ്ചായത്തുകളിലായി 724 പദ്ധതികൾ പൂർത്തിയാക്കി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly